# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 70 — 08/01/2014-ൽ മറുപടിക്ക്

## കർഷകത്തൊഴിലാളി പെൻഷൻ തുകയും വരുമാനപരിധിയും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ<br>ശ്രീ. കെ.കെ.നാരായണൻ<br>ശ്രീ. വി.ചെന്താമരാക്ഷൻ<br>ശ്രീ. സി.കെ.സദാശിവൻ | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) കർഷകത്തൊഴിലാളി പെൻഷൻ ലഭിക്കുന്നതിന് അപേക്ഷകന്റെ പ്രതിവർഷ കുടുംബവരുമാനപരിധി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; ഇപ്പോഴത്തെ പരിധി എത്രയാണ്; ഇത് ഏത് വർഷത്തിൽ കണക്കാക്കപ്പെട്ടിട്ടുള്ളതാണ്; കാലോചിതമായി എപ്പോഴെങ്കിലും പരിധി വർദ്ധിപ്പിക്കുകയുണ്ടായിട്ടുണ്ടോ; | (എ) കർഷകത്തൊഴിലാളി പെൻഷൻ ലഭിക്കുന്നതിന് അപേക്ഷകന്റെ പ്രതിവർഷ കുടുംബവരുമാനപരിധി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. ഇപ്പോഴത്തെ കുടുംബവാർഷിക വരുമാന പരിധി 11,000/- (പതിനോരായിരം രൂപാ മാത്രം) രൂപയാണ്.<br>പ്രസ്തുത വരുമാന പരിധി 1998-ലെ കേരള കർഷക തൊഴിലാളി പെൻഷൻ പദ്ധതിയുടെ പുതുക്കിയ ചട്ടങ്ങൾ രൂപീകരിച്ച് പുറപ്പെടുവിച്ചിട്ടുള്ള 16/4/1998-ലെ സ.ഉ.(പി) നമ്പർ 18/98/തൊഴിൽ പ്രകാരമാണ് നിശ്ചയിച്ചിരിക്കുന്നത്. |
| (ബി) വാർദ്ധക്യകാല പെൻഷന് അപേക്ഷിക്കുന്നവരുടെ വരുമാനപരിധി മൂന്ന് ലക്ഷമായി കേന്ദ്രസർക്കാർ വർദ്ധിപ്പിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല |
| (സി) വരുമാനപരിധിയും പെൻഷനും കാലോചിതമായി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന കർഷക തൊഴിലാളി യൂണിയൻ നൽകിയ നിവേദനം സർക്കാർ പരിശോധിക്കുകയുണ്ടായോ; ഇക്കാര്യത്തിൽ ഉടൻ തീരുമാനം കൈക്കൊള്ളുമോ? | (സി) വരുമാനപരിധി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.<br>കർഷക തൊഴിലാളി പെൻഷൻ 400/- രൂപയായിരുന്നത് 12/7/2013-ലെ സ.ഉ.(പി) 339/13/ഫിൻ. പ്രകാരം 500/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

JSK/